# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2354** | 12.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി.

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. പി.ടി. തോമസ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | നിലവിലെ സാഹചര്യത്തിൽ ജി.എസ്.ടി. സംസ്ഥാനത്തിന് ഗുണകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ജി.എസ്.ടി ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന പരോക്ഷനികുതികളെല്ലാം ഏകീകരിച്ചാണ് ജി.എസ്.ടി നടപ്പിലാക്കിയത്. ഇതിലൂടെ സർവ്വീസ് മേഖലയിൽ നിന്നുള്ള വരുമാനവും സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ട്. സാധനങ്ങളുടെ നികുതിയെ സംബന്ധിച്ച് മുമ്പുണ്ടായിരുന്ന മൊത്തം നികുതി നിരക്കിനെക്കാൾ കുറച്ചാണ് ജി.എസ്.ടി യിൽ നികുതി നിരക്ക് തീരുമാനിച്ചിരിക്കുന്നത്. എന്നിരുന്നാലും ജി.എസ്.ടി യിൽ tax net വിപുലമാകുകയും ജി.എസ്.ടി ഘടന നികുതിചോർച്ചയ്ക്കുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ നികുതി വരുമാനം കാലക്രമേണ കൂടും എന്നാണ് പ്രതീക്ഷിക്കുന്നത്. ചരക്കുനീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാക്കിയതിലൂടെ നികുതിവെട്ടിപ്പ് ഇല്ലാതാക്കുകയും വരുമാനവർദ്ധനവുണ്ടാക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഇ-വേ ബിൽ നടപ്പിലാക്കിയതോടു കൂടി ചരക്ക് നീക്കവിവരങ്ങൾ ഓൺലൈനായി റിക്കാർഡ് ചെയ്യുന്നതിനും നികുതി വെട്ടിപ്പ് പൂർണ്ണമായി തടയുന്നതിനും സാധിച്ചിട്ടുണ്ടോ; ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം 2017-18-ൽ സംസ്ഥാനത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി നിശ്ചയിച്ച | (ബി) | അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 15 മുതലുമാണ് ഇ-വേ ബിൽ നിർബന്ധമാക്കിയത്. ആയതിനാൽ ഇ-വേ ബിൽ സംവിധാനത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ച് വിശദമായ പഠനം നടത്തുവാൻ സമയമായിട്ടില്ല. കൂടാതെ നൂതന സാങ്കേതികവിദ്യകളും സർവെയലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. ഇ-വേ ബില്ലിനെ |

നഷ്ടപരിഹാര തുക കേന്ദ്രത്തിൽ നിന്നും കൃത്യമായി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണെങ്കിലും റിട്ടേണുകൾ അതിന്റെ . പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യപ്പെടാത്തതിനാലും റിട്ടേണുകളിലെ വിവരങ്ങൾ പൂർണ്ണമായി സംസ്ഥാനത്തിന് ലഭ്യമാകാത്തതിനാലും ഇതു തമ്മിലുള്ള സൂക്ഷ്മപരിശോധന നടത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ജി.എസ്.ടി യിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസക്കണക്കിലാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഇതനുസരിച്ച് 2018 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തികവർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മാസം | കോമ്പൻസേഷൻ |
|---|---|
| ജൂലൈ- ആഗസ്റ്റ് | 810.00 കോടി |
| സെപ്റ്റംബർ- ഒക്ടോബർ | 395.00 കോടി |
| നവംബർ- ഡിസംബർ | 713.00 കോടി |
| ജനുവരി- ഫെബ്രുവരി | 567.00 കോടി |
| മാർച്ച് | 330.00 കോടി |

എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി കേന്ദ്രഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ടപരിഹാരം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ജി.എസ്.ടി. നെറ്റ്‌വർക്ക് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിൽ ഇതുമൂലം റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ;

(സി) ജി.എസ്.ടി റിട്ടേൺ അതിന്റെ പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ ഇതുവരെയും പൂർത്തിയായിട്ടില്ല. ആയതിനാൽ റിട്ടേണുകളുടെ സംക്ഷിപ്ത രൂപമായ ജി.എസ്.ടി.ആർ 3 ബി ആണ് നിലവിൽ നികുതി അടയ്ക്കുന്നതിനായി ഫയൽ ചെയ്യുന്നത്. കൂടാതെ വിൽപ്പനയുടെ (ഔട്ട് വേർഡ് സപ്ലൈ) വിശദാംശങ്ങൾ ഉൾപ്പെടുത്തി ജി.എസ്.ടി.ആർ 1 റിട്ടേൺ മാത്രമേ ഇപ്പോൾ ഫയൽ ചെയ്യുന്നുള്ളൂ. ജി.എസ്.ടി നെറ്റ്‌വർക്കിലെ സാങ്കേതിക തകരാറുകൾമൂലം റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി പല മാസങ്ങളിലും നീട്ടി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഇൻപുട്ട് ടാക്സിന്റെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറാത്ത അവസ്ഥ ജി.എസ്.ടി. നടപ്പിലാക്കി ഒരു വർഷം കഴിഞ്ഞിട്ടും നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വ്യാപാരികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലായിരുന്ന കാലയളവിൽ നികുതി ഉൾപ്പെടുത്തി നിശ്ചയിച്ചിരുന്ന പരമാവധി ചില്ലറ വിൽപന വില ജി.എസ്.ടി പ്രാബല്യത്തിലായതിന് ശേഷം ഉണ്ടായ നികുതി നിരക്കിലെ കുറവിനനുസൃതമായി നിർമ്മാതാക്കൾ കുറച്ച് നിശ്ചയിച്ചിട്ടുണ്ടോ എന്നും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടോയെന്നും പരിശോധിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും വ്യാപാരികളുടെയും വിവരം സംസ്ഥാന സ്റ്റീറിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. ഇത്തരം വ്യാപാരികൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റിയാണ്. |
| (ഇ) | സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ വിഹിതമായി കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട തുക ലഭ്യമായിട്ടുണ്ടോ; ഈയിനത്തിൽ ഇതുവരെ എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്തിന് ഐ.ജി.എസ്.ടി ക്രെഡിറ്റിന്റെ വിഹിതമായി കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട തുക എല്ലാ മാസാന്ത്യത്തിലും സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. ഇതുവരെ ലഭിച്ച തുക താഴെ പറയുന്നു. |

| മാസം | തുക (കോടിയിൽ) |
|---|---|
| ആഗസ്റ്റ് | 451.74 |
| സെപ്റ്റംബർ | 763.46 |
| ഒക്ടോബർ | 822.64 |
| നവംബർ | 801.36 |
| ഡിസംബർ | 795.95 |
| ജനുവരി | 826.00 |
| ഫെബ്രുവരി | 808.82 |
| മാർച്ച് | 794.11 |
| ഏപ്രിൽ | 802.07 |
| മെയ് | 785.97 |

സെക്ഷൻ ഓഫീസർ